## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 5467**

**28.07.2015 - ൽ**
**മറുപടിക്ക്**

### കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള കാർഷിക തോട്ടങ്ങൾ

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര കാർഷിക തോട്ടങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇവിടെ നിന്നും ഏതൊക്കെ നടീൽ വസ്തുക്കളാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ രണ്ട് സ്റ്റേറ്റ് സീഡ് ഫാമുകളും ഒരു സ്പെഷ്യൽ ഫാമും ഉൾപ്പെടെ ആകെ മൂന്ന് ഫാമുകളാണ് നിലവിലുള്ളത്. ഫാമുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റേറ്റ് സീഡ് ഫാം, കാസർഗോഡ്.
2) സ്റ്റേറ്റ് സീഡ് ഫാം, പുല്ലൂർ.
3) കാഷ്യൂ പ്രോജനി ഓർച്ചാഡ്, ആദൂർ, ഗ്വാളിമുഖ

ഇതിൽ സ്പെഷ്യൽ ഫാമായ ആദൂർ, ഗ്വാളിമുഖ കാഷ്യൂ പ്രോജനി ഓർച്ചാഡിൽ കശുമാവിന്റെ ഗ്രാഫ്റ്റുകളാണ് പ്രധാനമായും ഉൽപ്പാദിപ്പിക്കുന്നത്. കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ നെൽവിത്തുൽപ്പാദനമാണ് പ്രധാനമായും ഉള്ളത്. നെൽവിത്തിനു പുറമെ വാഴക്കന്ന്, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, ഒട്ടുമാവ്, അലങ്കാര ച്ചെടികൾ മുതലായ നടീൽ വസ്തുക്കളും ഉൽപ്പാദിപ്പി ക്കുന്നുണ്ട്.

പുല്ലൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നെൽവിത്തുൽപ്പാദനമാണ് പ്രധാനമായും ഉള്ളത്. ഇതിനു പുറമെ വേര് പിടിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി വിത്ത്, പച്ചക്കറി തൈകൾ, വാഴക്കന്ന് മുതലായ നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**